പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2500

14/12/2015 -ൽ മറുപടിയ്ക്കു്

## ശബരിമല മാസ്റ്റർ പ്ലാൻ

ചോദ്യം

ശ്രീ. രാജു എബ്രഹാം

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറിൻെറ നിർമ്മാണം ഏതു ഘട്ടംവരെയായി എന്നു പറയാമോ; ഇതിൻെറ നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് ചെലവഴിക്കുന്നത്; നിർമ്മാണം ആരംഭിച്ചത് എന്ന്; പണി എന്നു പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത്; നിർമ്മാണം വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ; പ്രശ്നം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രധാന ഡിസൈനിന് മാറ്റം വരുത്തിയോ; എങ്കിൽ എന്തുകൊണ്ട് മാറ്റം വരുത്തി; പ്ലാൻറിൻെറ പണി എന്നു പൂർത്തിയാക്കാനാവും എന്നു പറയാനാകുമോ;

എ) ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറിൻെറ നിർമ്മാണം പൂർത്തിയാകുകയും പ്ലാൻറിൻെറ ഉത്ഘാടനം 10/11/2015 -ൽ നിർവ്വഹിക്കുകയും ചെയ്തു. പ്ലാൻറ് പ്രവർത്തനക്ഷമമാണ്. അഞ്ച് ദശലക്ഷം ലിറ്റർ മാലിന്യം സംസ്കരിക്കുവാൻ ശേഷിയുള്ള പ്രസ്തുത പ്ലാൻറിൻെറ മാലിന്യ സംസ്കരണ പ്രക്രിയകൾ പൂർണ്ണമായിക്കൊണ്ടിരിക്കുകയാണ്. പ്ലാൻറിൻെറ നിർമ്മാണ ചെലവ് 21.70 കോടി രൂപയാണ്. കൂടാതെ ആദ്യത്തെ ഒരു വർഷം ഡിഫക്ട് ലയബിലിറ്റി പീരിഡിൽ ഓപ്പറേഷൻ ആൻഡ് മെയിൻറനൻസിനായി 18 ലക്ഷം രൂപയും പിന്നീടുള്ള അഞ്ചുവർഷക്കാലം ഓപ്പറേഷൻ ആൻഡ് മെയിൻറനൻസിനായി യഥാക്രമം ഓരോ വർഷവും 1.3, 17.10, 19.80, 21.6, 25.20 ലക്ഷം എന്ന കണക്കിൽ നൽകേണ്ടതായിട്ടുണ്ട്. മൊത്തം ചെലവ് 22.87 കോടി രൂപ വരും. ടെണ്ടർ വിളിച്ച ഡിസൈൻ പ്രകാരമാണ് പണികൾ നടത്തിയത്. 30/06/2015 -ന് പൂർത്തിയാക്കാനുദ്ദേശിച്ചിരുന്നു. എന്നാൽ നിർമ്മാണത്തിനായി ശബരിമല മാസ്റ്റർ പ്ലാൻ ലേ ഔട്ട് പ്രകാരം തെരഞ്ഞെടുത്ത സ്ഥലം കട്ടിയുള്ള കരിങ്കൽ പ്രദേശമായതിനാലും വനപ്രദേശം എന്ന നിലയിൽ സാധാരണ രീതിയിൽ പാറ പൊട്ടിക്കുവാൻ അനുവാദമില്ലാത്തതിനാലും കൺട്രോൾഡ് ബ്ലാസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതായി വന്നതിനാലുമാണ് പ്രധാനമായും പദ്ധതി പൂർത്തീകരണത്തിന് കാലതാമസമുണ്ടാക്കിയത് എന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയി ച്ചിട്ടുണ്ട്.

ബി) സന്നിധാനത്തെ ക്യൂ കോംപ്ലക്സിൻെറ നിർമ്മാണം ഏതു ഘട്ടം വരെയായി; പണി ആരംഭിച്ചത് എന്നാണ്; പണി വൈകാനുള്ള

ബി) മരക്കൂട്ടം മുതൽ ശരംകുത്തിവരെയുള്ള ആറ് ക്യൂ കോംപ്ലക്സുകളുടെ നിർമ്മാണം ഈ സീസണ് മുൻപ് പൂർത്തിയായിട്ടുണ്ട്. തുടർന്ന് മരക്കൂട്ടം മുതൽ ശരംകുത്തിവരെയുള്ള നാല് ക്യൂ കോംപ്ലക്സുകളുടേയും ശരംകുത്തി മുതൽ സന്നിധാനം വരെയുള്ള നാല് ക്യൂ കോംപ്ലക്സുകളുടേയും നിർമ്മാണം സീസൺ

| | | | |
|---|---|---|---|
| | കാരണം വ്യക്തമാക്കാമോ; എത്ര രൂപയാണ് പദ്ധതിക്കായി ചെലവഴിക്കുന്നത്; എന്നത്തേക്ക് പണി പൂർത്തിയാക്കാനാകും; | | കഴിഞ്ഞാൽ ഉടൻ ആരംഭിച്ച് 2016-17 ലെ സീസണു മുൻപ് പൂർത്തിയാക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ടെണ്ടർ വിളിച്ച സന്ദർഭങ്ങളിൽ ആരും കരാർ ഏറ്റെടുത്ത് നടത്തുവാൻ മുന്നോട്ടുവരാത്തതാണ് പ്രധാനമായും പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടത്. |
| സി) | സന്നിധാനത്തെ രണ്ട് അന്നദാന മണ്ഡപങ്ങളുടെ പണി ആരംഭിച്ചത് എന്ന്; നിർമ്മാണം ഏതു ഘട്ടം വരെയായി; വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ; പ്രശ്ന പരിഹാരത്തിന് എന്തു നടപടി സ്വീകരിച്ചു; പണി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകും എന്ന് പറയാമോ; | സി) | സന്നിധാനത്ത് രണ്ട് അന്നദാനമണ്ഡപങ്ങൾ സ്പോൺസർഷിപ്പ് അടിസ്ഥാനത്തിൽ ശ്രീ. സുദർശൻ റെഡ്ഡി ഹൈദ്രാബാദ്, ശ്രീ. സുനിൽസ്വാമി, കൊല്ലം എന്നിവർക്ക് നൽകുകയും പണികൾ ആരംഭിക്കുകയും ചെയ്തിരുന്നു. ശ്രീ. സുദർശൻ റെഡ്ഡി തിരുവിതാംകൂർ ദേവസ്വം ബോർഡുമായി ഏർപ്പെട്ട കരാർ പ്രകാരം പ്രവർത്തിക്കാത്തതിനാൽ ആയത് ക്യാൻസർ ചെയ്യുകയും കോടതിയെ സമീപിച്ച ശ്രീ. സുദർശന റെഡ്ഡിയുടെ കേസ് ഹൈക്കോടതി തള്ളിക്കളയുകയും ഡിപ്പാർട്ട്മെൻറ് നേരിട്ട് നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ അന്നദാന മണ്ഡപം ബേസ്മെൻറ് ലവൽ വരെ മാത്രമേ ആയിട്ടുള്ളൂ. രണ്ടാമത്തെ അന്നദാന മണ്ഡപത്തിൻെറ ഒന്നാംനിലയുടെ പകുതിവരെ ആയിട്ടുണ്ട്. അടുത്ത സീസണു മുൻപ് പണികൾ പൂർത്തീകരിക്കുമെന്നാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുള്ളത്. |
| ഡി) | സന്നിധാനത്തിലും പമ്പയിലുമായി നിർമ്മിക്കുന്ന ടോയ്ലറ്റ് ബ്ലോക്കുകളുടെ പണി ആരംഭിച്ചത് എന്ന്; അടുത്ത സീസണിനു മുൻപ് പണി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ഡി) | സന്നിധാനത്തും പമ്പയിലുമായി നിർമ്മിക്കുന്ന ടോയ്ലറ്റ് ബ്ലോക്കുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. |
| ഇ) | നിലയ്ക്കൽ ബേസ്മെൻറ് ക്യാമ്പിൻെറ വികസനം ആരംഭിച്ചത് ഏതു വർഷമാണെന്നു വ്യക്തമാക്കുമോ? | ഇ) | 2010 |

സെക്ഷൻ ഓഫീസർ